# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -പൊന്നാനി നഗരസഭ - ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 393/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 12/02/2017

---

പരാമർശം : 1. പൊന്നാനി നഗരസഭ ചെയർമാൻ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മുമ്പാകെ സമർപ്പിച്ച 06.08.2016 ലെ കത്ത്.

2. നഗരകാര്യ ഡയറക്ടറുടെ 25.08.2016 തീയതിയിലെ ഇ 7-19257/16 നം. കത്ത്

## ഉത്തരവ്

പൊന്നാനി നഗരസഭയിൽ ദിവസ വേതനാടിസ്ഥാനത്തിൽ രണ്ട് ബിൽകളക്ടർമാരെയും ഒരു ഹെൽത്ത് ഇൻസ്പെക്ടറേയും നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം ഒന്ന് പ്രകാരമുള്ള കത്ത് പ്രകാരം പൊന്നാനി നഗരസഭ ചെയർമാൻ അഭ്യർത്ഥിച്ചിരുന്നു. നഗരകാര്യ ഡയറക്ടറുടെ പരാമർശം 2 പ്രകാരമുള്ള റിപ്പോർട്ടിൽ ടി നഗരസഭയിൽ പുതിയ തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നതുവരെ താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. .

2. സർക്കാർ ഇക്കാര്യം 26/02/2016 ലെ G.O(P) No. 28/2016/Fin. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പൊന്നാനി നഗരസഭ ചെയർപേഴ്സൺന്റെ ആവശ്യം പരിഗണനാർഹമാമെന്ന് സർക്കാർ കാണുന്നു. ഈ സാഹചര്യത്തിൽ താല്ക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് 26/02/2016 ലെ ജി.ഒ.(പി) നം. 28/2016/ഫിൻ പ്രകാരം നിലവിലുള്ള നിബന്ധനകൾക്കും ഇതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതുഫണ്ടിൽ നിന്നും വഹിക്കണമെന്ന വ്യവസ്ഥയിലും രണ്ട് ബിൽകളക്ടർമാരെയും ഒരു ഹെൽത്ത് ഇൻസ്പെക്ടറേയും പൊന്നാനി നഗരസഭയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**അബ്ദുൽകലാം.എം**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.
നഗരസഭ ചെയർ~~പേഴ്സൺ~~മാൻ, പൊന്നാനി നഗരസഭ.